"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ, തലപ്പിള്ളി താലൂക്ക് ഓഫീസിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ആയ ശ്രീമതി ദീപ കെ. യുടെ ഭർത്താവിന്റെ ചികിത്സാ ചെലവിലേയ്ക്കായി അനുവദിച്ച പലിശ രഹിത ചികിത്സാവായ്പ ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(സാധാ) നം.2782/2024/RD തീയതി,തിരുവനന്തപുരം, 24-11-2024

---

പരാമർശം:-

1. 08.11.2021 ലെ സ.ഉ.(സാധാ)നം. 3832/2021/REV നമ്പർ സർക്കാർ ഉത്തരവ്.
2. ശ്രീമതി ദീപ കെ. യുടെ 03.01.2022 ലെ അപേക്ഷ
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 17.02.2023 ലെ (എൽ.ഡിസ്) എം.ആർ. 1-8642/2022/ആ.വ.ഡ. നമ്പർ കത്ത്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 24.04.2023 തീയതിയിലെ എൽ.ആർ./4269/2021-എൽ.ആർ (ജി7) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ, തലപ്പിള്ളി താലൂക്ക് ഓഫീസിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ആയ ശ്രീമതി ദീപ കെ. യുടെ ഭർത്താവിന്റെ MITRAL VALVE REPLACEMENT ചികിൽസ ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി ആശുപത്രിയിൽ നടത്തുന്നതിനായി ₹4,50,000/- (നാല് ലക്ഷത്തി അൻപതിനായിരം രൂപ) പലിശ രഹിത വായ്പ അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. തുടർന്ന് ടി ചികിത്സയ്ക്ക് 06.10.2021 മുതൽ 13.12.2021 വരെയുള്ള കാലയളവിൽ ചെലവായ തുകയായ ₹3,01,439.26/- പ്രസ്തുത വായ്പയിൽ ക്രമപ്പെടുത്തുന്നതിനായി ബില്ലുകൾ സഹിതം പരാമർശം (2) പ്രകാരം ശ്രീമതി ദീപ കെ. അപേക്ഷിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ ശിപാർശ ചെയ്ത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് സഹിതം അനുമതിക്കായി പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി ദീപ കെ. യുടെ ഭർത്താവിന്റെ മേൽ ചികിത്സയ്ക്ക് ചെലവായ തുകയിൽ പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ ₹2,63,203/- (രണ്ട് ലക്ഷത്തി അറുപത്തി മൂവായിരത്തി

ഇരുന്നൂറ്റി മൂന്ന് രൂപ) മാത്രം കിഴിച്ച് ബാക്കിയുള്ള ₹1,86,797/-(ഒരു ലക്ഷത്തി എൺപത്തി ആറായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റിയേഴ് രൂപ) മാത്രം (1,48,561/- + 38,236/- =1,86797/-) അപേക്ഷക തലപ്പിള്ളി സബ് ട്രഷറിയിൽ ഒടുക്കി ചെലാൻ ഹാജരാക്കിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, തൃശ്ശൂർ, തലപ്പിള്ളി താലൂക്ക് ഓഫീസിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, ശ്രീമതി ദീപ കെ. യുടെ ഭർത്താവിന്റെ MITRAL VALVE REPLACEMENT ചികിൽസയ്ക്ക് തിരുവനന്തപുരം ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി ആശുപത്രിയിൽ ആകെ ചെലവായ തുകയായ 3,01,439/- രൂപയിൽ പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ ₹2,63,203/- ( രണ്ട് ലക്ഷത്തി അറുപത്തി മൂവായിരത്തി ഇരുന്നൂറ്റി മൂന്ന് രൂപ) മാത്രം പരാമർശം (1) പ്രകാരം അനുവദിച്ച 4,50,000/- രൂപയുടെ പലിശരഹിത ചികിത്സാ വായ്പയിൽ ക്രമീകരിച്ചും, ടി വായ്പയിൽ ബാക്കിയുള്ള തുകയായ ₹1,86,797/- അപേക്ഷക ട്രഷറിയിൽ ഒടുക്കി ചെലാൻ ഹാജരാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അഭിലാഷ് എസ്

അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തൃശ്ശൂർ.
ശ്രീമതി ദീപ കെ., വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, തലപ്പിള്ളി താലൂക്ക് ഓഫീസ്, തൃശ്ശൂർ (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (11.11.2023, 11.11.2024 തീയതികളിലെ 1904898/Loans-L3/321/2021-FIN നമ്പർ റിമാർക്സ് പ്രകാരം)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (REV-T1/51/2022-REV )

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 25-11-2024 10:34:19

സെക്ഷൻ ഓഫീസർ